## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5390 — 01/07/2019 ൽ മറുപടിക്ക്

# പരമ്പരാഗത പീഡിത വ്യവസായങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത പീഡിത വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, തഴപ്പായ് വ്യവസായം, സ്വർണ്ണം - വെള്ളി ആഭരണ നിർമ്മാണ വ്യവസായം തുടങ്ങിയവയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) കരകൗശലമേഖലയെ പുനരുദ്ധീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി സർക്കാർ വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് കേരള സംസ്ഥാനതല സ്ഥാപനങ്ങളായ കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കെൽപാം, മുള വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ എത്തിച്ചുനൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക തുടങ്ങിയ മേഖലകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനം കാഴ്ച വയ്ക്കുന്നു. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാനും പ്രാപ്തമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. വിവിധ പരമ്പരാഗത മേഖലയിലും അതാത് ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇടുക്കി, ആലപ്പുഴ, വയനാട് ജില്ലകളിൽ വാഴനാര് ഉൽപ്പന്നങ്ങളുടേയും കോട്ടയത്ത് തഴപ്പായ ഉൽപ്പന്നങ്ങളുടേയും കണ്ണൂർ ജില്ലയിൽ ബെൽ മെറ്റൽ ഉൽപ്പന്നങ്ങളുടേയും മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ കളിമൺ പാത്ര നിർമ്മാണ ക്ലസ്റ്ററിന്റേയും വികസന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പരമ്പരാഗത മേഖലയിൽ സ്വകാര്യ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ധന സഹായം നൽകുന്ന ആഷ എന്ന പദ്ധതി പ്രകാരം സംരംഭകർക്ക് മൂലധനച്ചെലവിന്റെ 40% തുക വരെ |

| | | |
|---|---|---|
| | | ധനസഹായം ലഭിക്കുന്നു. |
| (ബി) | ഇഷ്ടിക, ഓട് നിർമ്മാണ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഇഷ്ടിക, ഓട് നിർമ്മാണ വ്യവസായങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ദൗർലഭ്യമാണ്. ഇതു പരിഹരിക്കുന്നതിനായി 2015 ൽ സർക്കാർ വിജ്ഞാപനം ചെയ്ത കേരളാ മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ റൂൾ 106 (5) പ്രകാരം പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കും ആ മേഖലയിൽ പ്രവർത്തനം നടത്തുന്ന സഹകരണ സംഘങ്ങൾക്കും ഓരോ കലണ്ടർ വർഷത്തിലും 50 ടൺ കളിമണ്ണ് അനുവദിക്കുന്നതിന് റോയൽറ്റി ഈടാക്കാതെ സ്പെഷ്യൽ ട്രാൻസിസ്റ്റ് പാസ്സ് അനുവദിക്കുന്നുണ്ട്. ഇതിന്റെ പ്രയോജനം ആർജിക്കുന്നതിനായി എല്ലാ തൊഴിലാളികൾക്കും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഒപ്പിട്ട തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ട്. കൂടാതെ കളിമൺ പാത്ര തൊഴിലാളികൾ കൂടുതൽ അധിവസിക്കുന്ന മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ ക്ലസ്റ്റർ വികസനത്തിന്റെ ഭാഗമായി പൊതു സൗകര്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കളിമൺ പാത്ര വ്യവസായത്തിന്റെ പുരോഗതിയ്ക്കായി സ്ഥാപിച്ച കേരള സംസ്ഥാന കളിമൺ തൊഴിലാളി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനവും പുരോഗമിക്കുകയാണ്. കൂടാതെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് വ്യവസായ വകുപ്പിനു കീഴിൽ റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. |
| (സി) | പീഡിത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) പീഡിത വ്യവസായങ്ങളുടെ സംരക്ഷണത്തിനായി G.O.(MS) No. 38/2018/ID dated 15.05.2018 പ്രകാരം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ